കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsrksad@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)1426/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020

ഫോൺ 0487 2331249

dotsr.ksad@kerala.gov.in.

തീയ്യതി:14.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)1426/2017 തിയ്യതി:14.09.2017

<u>തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17</u>
<u>സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചു. 08-09-16 തിയ്യതി മുതൽ 10-08-17 വരെയുള്ള രശീതി വരവ്, അവയുടെ ഒടുക്ക് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു

ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്<br>ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ. യു. ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-08-2017 മുതൽ 22-08-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി. എസ്. സാബു,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷാജിത.കെ.എം<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിജേഷ്.എ.എസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.ബിന്ദു ബെന്നി | പ്രസിഡണ്ട് | 01/04/16മുതൽ 31/03/17 വരെ |
| ശ്രീ.പി. ജി. വസന്തകുമാർ | സെക്രട്ടറി | 01/04/16 മുതൽ 3/8/16 വരെ |
| ശ്രീമതി.റെനി പോൾ | സെക്രട്ടറി ഇൻ ചാർജ്ജ് | 04/8/16 മുതൽ 25/9/16 വരെ |
| ശ്രീ.പി.ജി.വസന്തകുമാർ | സെക്രട്ടറി | 25.9.16 മുതൽ 22.12.16 F.N വരെ |
| ശ്രീമതി.ഹാജിറ ബീവി.ടി.എച്ച് | സെക്രട്ടറി | 22/12/16 മുതൽ 16/02/17 F.N വരെ |
| ശ്രീ.ടി.വി. ശിവദാസൻ | സെക്രട്ടറി ഇൻ ചാർജ്ജ് | 16/02/17 മുതൽ 27/02/17 F.N വരെ |
| ശ്രീ.ആർ.സുബ്രമണ്യൻ | സെക്രട്ടറി ഇൻ ചാർജ്ജ് | 27/02/17 മുതൽ 31/03/17 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| തസ്തിക | പേര് | കാലയളവ് |
| അസി. എഞ്ചിനീയർ | ശ്രീ. ഷാലു. പി.പി | 01.04.2016 മുതൽ 11.07.2016 വരെ |
| | ശ്രീമതി സന്ധ്യ കൃഷ്ണൻ.സി. | 12/07/16 മുതൽ 24/07/16 വരെ |
| | ശ്രീ.അനൂപ് .പി .എൻ | 25/07/16 മുതൽ 31/03/17 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. കൃപ. വി. എസ് | 01/04/16 മുതൽ 03/08/16വരെ |
| | ഡോ. പ്രശാന്ത് | 04/08/16 മുതൽ 31/03/17വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. ബിന്ദു | 01/04/16 മുതൽ 31/03/17വരെ |
| മെഡിക്കൽ ഓഫീസർ - അലോപ്പതി | ഡോ. ശ്രീരാജ് വി | 01/04/16 മുതൽ 31/03/17 വരെ |
| വെറ്ററിനറി സർജൻ - പൂമല | ഡോ. അനിജ അലക്സ് | 01/04/16 മുതൽ 31/03/17വരെ |
| വെറ്ററിനറി സർജൻ - കിള്ളന്നൂർ | ഡോ. രാജി | 01/04/16മുതൽ 31/03/17 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മീന മാത്യു | 01/04/16 മുതൽ 04/04/16 F.N വരെ |
| | ശ്രീമതി.രശ്മി പോൾ | 04/04/16 മുതൽ 25/07/16 F.N വരെ |
| | ശ്രീമതി.രേഖ .സി ആർ | 25/07/16 മുതൽ 15/10/16 F.N വരെ |
| | സോമകുമാർ പി.ജി | 15/10/16 മുതൽ 31/10/16 F.N വരെ |
| | ശ്രീമതി.രേഖ .സി ആർ | 31/10/16 മുതൽ 31/03/17വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.റെനി പോൾ | 01/04/16 മുതൽ 23/12/16 F.N വരെ |
| | (ഒഴിവ്) | 23/12/16 മുതൽ 16/02/17 വരെ |
| | ശ്രീ.ആർ. സുബ്രമണ്യൻ | 17/02/17 മുതൽ 31/03/17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കാഞ്ചനമാല | 01/04/16 മുതൽ 28/07/16 F.N വരെ |
| | ശ്രീമതി.സെഹീറ പി.പി | 28/07/16 മുതൽ 31/03/17 വരെ |
| വി.ഇ.ഒ (പൂമല സർക്കിൾ) | ഒഴിവ് | 1.4.16 മുതൽ 9.8.16 വരെ |
| | ശ്രീ.ദീപക് പി ഗോകുൽ | 10/08/16 മുതൽ 31/03/17 വരെ |
| വി.ഇ.ഒ (കിള്ളന്നൂർ സർക്കിൾ) | ശ്രീമതി.ഷീജ പി.ടി | 01/04/16 മുതൽ 31/03/17 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.സുഷമ | 01/04/16 മുതൽ 09/02/17 F.N വരെ |
| | ശ്രീമതി.ഗിരിജ.എസ്.കെ | 9/2/17 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |

| | | |
|---|---|---|
| 12 | തനതു ഫണ്ടിനായി രണ്ടു ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു | 2-1 |
| 13 | പരസ്യനികുതിയിലൂടെയുള്ള വരുമാനസാധ്യതകൾ | 2-2 |
| 14 | തൊഴിൽ നികുതി അടവാക്കിയില്ല | 2-3 |
| 15 | ഡി & ഒ ലൈസൻസ് അപേക്ഷകൾ തീർപ്പാക്കിയില്ല | 2-4 |
| 16 | വസ്തുനികുതി- അപാകതകൾ | 2-5 |
| 17 | ദിവസവേതന ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-6 |
| | ഭാഗം 3 | |
| 18 | ഇ.കെ.നായനാർ ഭവനനിർമ്മാണ പദ്ധതി- അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി | 3-1 |
| 19 | ഇ.കെ നായനാർ ഭവനനിർമ്മാണപദ്ധതി- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-2 |
| 20 | ഇ.കെ.നായനാർ ഭവനനിർമ്മാണപദ്ധതിയുടെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 3-3 |
| 21 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ(പ്രൊജക്ട് നം.115/17) -പദ്ധതി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-4 |
| 22 | ഭവനപുനരുദ്ധാരണം-മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരെ വീണ്ടും പരിഗണിച്ചു | 3-5 |
| 23 | ഭവനപുനരുദ്ധാരണം-എഞ്ചിനീയറുടെ വാല്യേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ സബ്സിഡി അനുവദിച്ചു | 3-6 |
| 24 | ആശ്രയപദ്ധതി -ഭക്ഷണം,മരുന്നുവിതരണത്തിൽ ഒതുങ്ങുന്നു- അടിസ്ഥാനസൗകര്യവികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നില്ല | 3-7 |
| 25 | എസ്.സി.വിവാഹധനസഹായം-രേഖകൾ ഹാജരാക്കിയില്ല | 3-8 |
| 26 | അംഗൻവാടി പോഷകാഹാരം-അധികതുക അനുവദിച്ചത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-9 |
| 27 | പെയിൻ & പാലിയേറ്റിവിന് മരുന്നു വാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 3-10 |
| 28 | വാഹനവാടക-ഒരേ ദിവസം ഒരേ വാഹനത്തിന് വ്യത്യസ്ത പ്രൊജക്ടുകൾക്ക് അനുവദിച്ചു | 3-11 |
| 29 | പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി- പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-12 |

| | | |
|---|---|---|
| 30 | പേവിഷബാധ നിയന്ത്രണപരിപാടി-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല | 3-13 |
| 31 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും കുപ്പികളും വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-14 |
| 32 | സമഗ്രനെൽകൃഷി വികസനം(വനിത)-രേഖകൾ ഹാജരാക്കിയില്ല | 3-15 |
| 33 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-അധികതുക അനുവദിച്ചു | 3-16 |
| 34 | നാമമാത്ര കർഷകർക്കായി നിർവ്വഹണം നടത്തേണ്ട പ്രൊജക്ടുകൾ ചെറുകിട നാമമാത്ര കർഷകർക്കായി നടപ്പാക്കി | 3-17 |
| 35 | ഓണം അഡ്വാൻസ് നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 3-18 |
| 36 | 2016-17 ൽ പഞ്ചായത്ത് 2 കോടിയോളം രൂപ ലാപ്സാക്കി | 3-19 |
| 37 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ മന്ദഗതിയിൽ | 3-20 |
| 38 | പൊതുമരാമത്ത് മേഖല- കുറഞ്ഞ ഫണ്ട് വിനിയോഗം | 3-21 |
| 39 | അത്തിക്കോട് പെരുംകുഴി റോഡ് സോളിംഗ് & കൾവെർട്ട് നിർമ്മാണം - അധികം തുക പിൻവലിച്ചു | 3-22 |
| 40 | കോഴിക്കുന്ന് എസ്.സി.കോളനിയിൽ കുഴൽകിണർ കുഴിക്കലും പമ്പ് സെററ് സ്ഥാപിക്കലും -പ്രവൃത്തി പൂർത്തിയാക്കുന്നതിലും തുക നൽകുന്നതിലും കാലതാമസം | 3-23 |
| 41 | പൂമല നെഹ്റു പാർക്ക് പുനരുദ്ധാരണം --റോഡിതര സംരക്ഷണഗ്രാന്റ് ഉപയോഗിച്ചു | 3-24 |
| 42 | പൂളാക്കൽ സാംസ്കാരികനിലയം അറ്റകുറ്റപ്പണി-പുതുക്കിയ എസ്ററിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല | 3-25 |
| 43 | കോഞ്ചേരി റോഡ് സെന്റർ പഞ്ചായത്ത് കിണർ മെയിന്റനൻസ്- കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചില്ല | 3-26 |
| 44 | സംയുക്ത പ്രൊജക്ടിന് ലഭിച്ചതിൽ ബാക്കിയുള്ള തുക തിരിച്ചടച്ചില്ല | 3-27 |
| 45 | തൊഴിലുറപ്പ് പദ്ധതി-മുണ്ടംപ്പിള്ളി കുളം പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല | 3-28 |
| | ഭാഗം - 4 | |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 50 | സ്ഥിരനിക്ഷേപം | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 55 | അനുബന്ധം-ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 04/03/2016 തിയതിയിലെ 38-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2017 | 21/07/2017 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷികധനകാര്യപത്രികയുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2015-16 വർഷത്തെ വാർഷികകണക്കിലെ ട്രയൽ ബാലൻസിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന താഴെ പറയുന്ന ഇനങ്ങളുടെ തുക 2016-17 വർഷത്തെ വാർഷികകണക്കിന്റെ ട്രയൽ ബാലൻസിന്റെ പ്രാരംഭബാക്കിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
എ)എൻ.ആർ.ഇ.ജി.എസ്

ബി)ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതം

സി)സഹകരണബാങ്കിൽ നിന്നും എടുത്ത വായ്പ

ഡി) പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്.

2. B-4 ഷെഡ്യൂൾ പ്രകാരം 20616 രൂപയുടെ സ്റ്റോക്ക് നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3.നാളിതുവരെയുള്ള ആസ്തി തിട്ടപ്പെടുത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. തൊഴിൽ നികുതി,വസ്തുനികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയിൽ വാർഷികസംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

5. വാടക,ഡി&ഒ എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയ വാർഷികസംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഇ.കെ.നായനാർ ഭവനനിർമ്മാണപദ്ധതിയുടെ 31.3.17 ന് തിരിച്ചടക്കാനുള്ള വായ്പയായി അവശേഷിക്കുന്നത് 9960000 രൂപയാണ്. എന്നാൽ ധനകാര്യപത്രികയുടെ B-5 ഷെഡ്യൂളിൽ ബാക്കി നിൽക്കുന്ന വായ്പ തുകയായി കാണിച്ചിരിക്കുന്നത് 9104756 രൂപയാണ്.

7. പഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ളവയിൽ സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8. DBT വഴി മാറുന്ന വിധവാ പെൻഷൻ,വികലാംഗപെൻഷൻ എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാർദ്ധക്യകാലപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ എന്നിവയുടെ വാർഷികകണക്കിൽ രേഖപ്പെടുത്തിയ ചെലവ് തുകകൾ ഡി.ബി.ടി പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

9. NREGS ന്റെ വരവ് ചെലവ് തുകകൾ കാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

10. സംയുക്ത പ്രൊജക്റ്റുകൾക്കായി സൂക്ഷിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിന്റെ റീക്കൺസിലിയേഷനിൽ അപാകത കാണുന്നു. പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 286956 രൂപയാണ്. എന്നാൽ റീക്കൺസിലിയേഷനിൽ നീക്കിയിരിപ്പായി 186956 രൂപയെന്നാണ് കാണിച്ചിരിക്കുന്നത്.

2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7584706.30 |
| വരവ് | 34,440,816.00 |
| ആകെ | 42025522.30 |
| ചെലവ് | 33,382,350.00 |
| നീക്കിയിരിപ്പ് | 8643172.30 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8994560 | 8994560 | 8315496 | 679064 | 92.45% |
| വികസനഫണ്ട് എസ്.സി.പി. | 0 | 2954580 | 2954580 | 880614 | 2073966 | 29.80% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 44823 | 44823 | 44823 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11364249 | 11364249 | 896112 | 10468137 | 7.88% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2554755 | 2554755 | 1325045 | 1229710 | 51.80% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5043665 | 5043665 | 1805747 | 3237918 | 35.80% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2303922 | 2303922 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 158500 | 931536 | 1090036 | 929447 | 160589 | 85.26% |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4070910 | 6209772 | 10280682 | 7444365 | 2836317 | 72.41% |
| ബി ഫണ്ട് | 0 | 2069870 | 2069870 | 2069870 | 0 | 100% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 57370395 | 71 | 14100630 | 105 | 14 | 37.36% |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.9 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4106445 | 4702160 | 986534 | 20.98(+) |
| നികുതിയേതര വരവുകൾ | 798645 | 741809 | (-) 505890 | 68.19(-) |
| മറ്റുവരവുകൾ | 5646545 | 6209772 | 563227 | 9.0(+) |
| ആകെ | 10551635 | 11653741 | 1043871 | 8.9(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 193440 | 133 |
| കർഷകതൊഴിലാളി പെൻഷൻ | 4086420 | 284 |
| വിധവാപെൻഷൻ | 7248480 | 873 |
| വാർദ്ധക്യകാലപെൻഷൻ | 6383850 | 1211 |
| വികലാംഗപെൻഷൻ | 1726880 | 223 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 932800 | 112 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-08-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4483രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വസ്തുനികുതി യുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ മാപ്പിംഗ് പൂർത്തീകരിച്ചിട്ടില്ല. വസ്തുനികുതി അസസ്മെന്റ്, ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നടത്തുന്ന പ്രൊജക്ടുകൾക്ക് ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റ് രസീതികൾ വാങ്ങുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/08/2017 | 6/2017, 7/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/04/2011 | 2006-07 & 2010-11 | 12/05/2011 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനതു ഫണ്ടിനായി രണ്ടു ബാങ്ക് അക്കൌണ്ടുകൾ നിലനിർത്തുന്നു

സർക്കുലർ നം. 58725/എഫ് എം 3-2008/ത.സ്വ.ഭ.വ/26-05-2011 പ്രകാരം പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ വരവ്-ചെലവുകൾക്കായി ട്രഷറി അക്കൗണ്ടിനു പുറമെ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടേ ഉപയോഗിക്കാൻ പാടുള്ളൂ. എന്നാൽ മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ തനതു ഫണ്ടിനായി രണ്ട് അക്കൗണ്ടുകൾ (കനറാ ബാങ്ക് - 33161, തിരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് - 30295) ഉപയോഗിച്ച് വളരെ സജീവമായി ക്രയ-വിക്രയങ്ങൾ നടത്തിവരുന്നതായി കാണുന്നു. പ്രത്യേകിച്ച് ഒരു ക്രമമോ, മാർഗനിർദേശങ്ങളോ ഇല്ലാതെ തുകകൾ രണ്ട് അക്കൗണ്ടുകളിൽ നിന്നും കൈമാറ്റം ചെയ്യുന്നത് അക്കൗണ്ടിങ്ങിൽ തെറ്റ് വരാനിടയാക്കും. ആയതിനാൽ ഒരു അക്കൗണ്ട് മാത്രം നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 പരസ്യനികുതിയിലൂടെയുള്ള വരുമാനസാധ്യതകൾ

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 209ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ, ചുവരിൻമേലോ, പരസ്യപ്പലകയിൻമേലോ, എടുപ്പിൻമേലോ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും, സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയംമൂലം നിശ്ചയിക്കുന്ന നിരക്കുകളിലും, വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി ചുമത്താവുന്നതാണ്. തൃശ്ശൂർ നഗരത്തിന്റെ പ്രാന്തപ്രദേശത്ത് സ്ഥിതി ചെയ്യുന്നതും, കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ സംസ്ഥാന പാത(SH 22) കടന്നു പോകുകയും ചെയ്യുന്ന മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ, റോഡിന്റെ ഇരു വശങ്ങളിലുമായി വിവിധയിനം പരസ്യ ബോർഡുകളും, വലിയ ഹോർഡിങ്ങുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും, നാളിതുവരെയായി പഞ്ചായത്തിന് ഇവയുടെ മേൽ പരസ്യനികുതി ചുമത്താൻ സാധിച്ചിട്ടില്ല. പരസ്യനികുതി ചുമത്താനുള്ള മാനദണ്ഡങ്ങളും, കണക്കാക്കാനുള്ള രീതികളും ഉൾപ്പെടുത്തി പഞ്ചായത്തിന് വ്യക്തമായ ഒരു ബൈ-ലോ ഉണ്ടാക്കാവുന്നതാണ്. ആയതിന് സർക്കാരിൽനിന്നുള്ള അംഗീകാരം വാങ്ങി പരസ്യനികതി ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ആയതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അടവാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 205 (എസ്) പ്രകാരം പഞ്ചായത്ത് പരിധിയിൽപെട്ട സ്ഥാപനങ്ങളും അതിലെ ജീവനക്കാരും വർഷത്തിൽ രണ്ടു ഗഡുക്കളായി (ആഗസ്റ്റ്, ഫെബ്രുവരി മാസങ്ങളിൽ) തൊഴിൽ നികുതി പഞ്ചായത്തിലേക്ക് അടക്കേണ്ടതാകുന്നു. എന്നാൽ പല സ്ഥാപനങ്ങളിൽ നിന്നും അതിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല (അല്ലെങ്കിൽ ഭാഗികമായേ ഈടാക്കാൻ സാധിച്ചിട്ടുള്ളൂ). ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | കുറിപ്പ് |
|---|---|---|

| | | |
|---|---|---|
| 1 | കൊച്ചിൻ ദേവസ്വം ബോർഡ് | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 2 | കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് കൺസ്യൂമേർസ് ഫെഡറേഷൻ | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 3 | ചെമ്മണ്ണൂർ പോളിമർ പ്രൊഡക്ട്സ് | ജീവനക്കാരുടെ തൊഴിൽ നികുതിയുടെ രണ്ടാം ഗഡു ഈടാക്കിയില്ല |
| 4 | മാവേലി സ്റ്റോർ, മുളങ്കുന്നത്തുകാവ് | സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 5 | ലാവിഷ് ഫാമിലി റസ്റ്റോറന്റ്, ഗ്രാമല | സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ്, വെളപ്പായ റോഡ് | സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയില്ല |

തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ സമയബന്ധിതമായി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് അപേക്ഷകൾ തീർപ്പാക്കിയില്ല

പഞ്ചായത്തിന്റെ പരിധിയിൽപെട്ട പല സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് തുക ഈടാക്കിയതായി കാണുന്നു. എന്നാൽ അന്വേഷണ റിപ്പോർട്ടിലും, രജിസ്റ്ററിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 12(3) പ്രകാരം അപേക്ഷ ലഭിച്ചതിനു ശേഷം കഴിയുന്നത്ര വേഗം ഗ്രാമപഞ്ചായത്ത് മറ്റു സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സർട്ടിഫിക്കറ്റ് വാങ്ങേണ്ട സംഗതിയിൽ 45 ദിവസത്തിനകവും അല്ലാത്തവയിൽ 30 ദിവസത്തിനകവും തീർപ്പു കല്പിക്കേണ്ടതാകുന്നു. ഈ അവസ്ഥയിൽ ഡി & ഒ ലൈസൻസ് അനുവദിക്കാനുള്ള അഥവാ നിരസിക്കാനുള്ള കാലതാമസം ചട്ടലംഘനമായി കണക്കാക്കേണ്ടതാണ്. ചില ഉദാഹരഹണങ്ങൾ ചുവടെ കൊടുക്കുന്നു.

| ഡി&ഒ രജിസ്റ്ററിലെ ക്രമ നം. | പേര് | സ്ഥാപനം | അപേക്ഷ നൽകിയ തീയതി |
|---|---|---|---|
| 139 | ടി. എൻ. ശശിധരൻ | യദു ഫാമിംഗ് കോർപ്പറേഷൻ (പന്നി വളർത്തൽ) | 08-03-2016 |
| 192 | എം. ജയചന്ദ്രൻ | ഓയിൽ മിൽ | 30-03-2016 |
| 323 | മുഹമ്മദ് റാഫി | ഗ്രാൻഡ്യൂർ ഫർണിഷിംഗ് (സോഫ നിർമ്മാണം) | 12-01-2017 |

## 2-5 വസ്തുനികുതി- അപാകതകൾ

1.വസ്തുനികുതി-ഡിമാൻറ്,അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തികവർഷം വസ്തുനികുതിയുമായി ബന്ധപ്പെട്ട് 2016-17 ൽ വസ്തുനികുതി നിർണ്ണയിച്ച് കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തിയ ന്യൂ ബിൽഡിംഗ് രജിസ്റ്റർ മാത്രമാണ് പരിപാലിച്ചിട്ടുള്ളത്. ഓരോ വാർഡിന്റെയും അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും പകർപ്പെടുത്ത് സൂക്ഷിട്ടില്ല. ഡിമാൻറ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പരിപാലിക്കുകയോ ഡിസിബി തയ്യാറാക്കുകയോ ചെയ്യാത്തതിനാൽ വാർഷികകണക്കിലെ രേഖപ്പെടുത്തലുകളുമായി താരതമ്യം ചെയ്യാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

2. വിമുക്തഭടൻമാരുടെ വസ്തുനികുതി ഇളവുമായി ബന്ധപ്പെട്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

3.വേക്കൻസി റമിഷൻ, ഡെമോളിഷ്ഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-6 ദിവസവേതന ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന താഴെ പറയുന്നവരിൽ നിന്നും ഒന്നും രണ്ടും അർദ്ധവർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1.ഉമേഷ്.കെ.പി. ഡ്രൈവർ

2.ജിനോ ചാക്കോ,റെക്കോർഡ് കീപ്പർ& എൽ.ഡി.സി

മേൽ ജീവനക്കാർ കൈപ്പററിയ വേതനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇ.കെ.നായനാർ ഭവനനിർമ്മാണ പദ്ധതി-അധികമായി അനുവദിച്ച തുക തിരികെ ഈടാക്കി

2015-16 സാമ്പത്തികവർഷം ആരംഭിച്ച ഇ.കെ.നായനാർ ഭവനനിർമ്മാണപദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി.രജിതരമേഷ്,കോട്ടപറമ്പിൽ എന്നവർക്ക് ഭവനനിർമ്മാണത്തിനായി ആകെ അനുവദിക്കാവുന്ന ധനസഹായം 200000/- രൂപയാണെന്നിരിക്കെ താഴെ പറയും പ്രകാരം തുക 2015-16, 2016-17 സാമ്പത്തികവർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

| തിയതി | തുക |
|---|---|
| 21.3.15 | 80000 |
| 12.4.16 | 60000 |
| 3.5.16 | 60000 |
| 2.6.16 | 40000 |
| 25.10.16 | 20000 |
| | 2,60000/- |

12.4.16 ൽ അനുവദിച്ച തുക അക്വിറ്റൻസ് രജിസ്റ്ററിൽ ചേർക്കുകയോ, ഗുണഭോക്താവിൽ നിന്നും കൈപ്പറ്റ് രസീതി വാങ്ങുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് എൻക്വയറി 3/16.8.17 മുഖേന തുക തിരികെ ഈടാക്കാൻ നിർദ്ദേശിച്ചതു പ്രകാരം 16/8/17 ൽ 60000/- രൂപ ഗുണഭോക്താവ് തൃശ്ശൂർ ജില്ലാസഹകരണബാങ്കിന്റെ അത്താണി ശാഖയിൽ അക്കൗണ്ട് നം.80008777630 ൽ തിരിച്ചടച്ചിട്ടുണ്ട്.

## 3-2 ഇ.കെ നായനാർ ഭവനനിർമ്മാണപദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2015-16 ൽ ആരംഭിച്ച ഇ.കെ.നായനാർ ഭവനനിർമ്മാണപദ്ധതിയിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | അവസാനഗഡു കൈപ്പറ്റിയ തിയതി |
|---|---|---|
| ത്രേസ്യാമ്മ ജോസ്.തറപ്പേൽ | 140000 | 25.1.17 |
| ജെസി ജോയ്,പുത്തൂർ | 140000 | 21.2.17 |
| സുശീല,തണ്ടാശ്ശേരി | 80000 | 23.3.17 |
| ഓമന,എറനോലിൽ | 140000 | 3.5.16 |

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഇ.കെ.നായനാർ ഭവനനിർമ്മാണപദ്ധതിയുടെ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

നിർവ്വഹണഉദ്യോഗസ്ഥൻ: സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 77/ഡി.ബി.1/15 തസ്വഭവ 21.8.16ാം നമ്പർ കത്ത് പ്രകാരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന് 2കോടി രൂപ 11 % പലിശക്ക് വായ്പയെടുത്ത് ഭവനപദ്ധതി ആരംഭിക്കാൻ അനുമതി നൽകിയിരുന്നു. അപ്രകാരം ഇ.കെ.നായനാർ ഭവനപദ്ധതി 2015-16 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. വായ്പ, തിരിച്ചടവ്, പലിശ അടവ്, വായ്പാബാക്കി എന്നിവ രേഖപ്പെടുത്തിയ ഭവനപദ്ധതിയുടെതുമാത്രമായ ഒരു വായ്പാരജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. വിവിധ കണക്കുകൾ എഴുതി വെക്കുന്ന ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരം 31.3.2017 വരെയെടുത്ത വായ്പയുടെയും തിരിച്ചടവിന്റേയും ബാക്കി വായ്പയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രാരംഭബാക്കി₹ | തൻവർഷം എടുത്ത വായ്പ₹ | തിരിച്ചടവ്₹ | ബാക്കി നിൽക്കുന്ന വായ്പ₹ |
|---|---|---|---|
| 5140000 | 6820000 | 2000000 | 9960000 |

എന്നാൽ വാർഷികകണക്കിന്റെ B-5 ,ഷെഡ്യൂളിൽ ബാക്കി നിൽക്കുന്ന വായ്പ തുകയായി കാണിച്ചിരിക്കുന്നത് 9104756 രൂപയാണ്. ജില്ലാസഹകരണബാങ്കിന്റെ 3.1.17 ലെ കത്തുപ്രകാരം 31.12.16 വരെ ബാക്കി നിൽക്കുന്ന തുക 9380000 രൂപയാണ്. തൻവർഷം 859023 രൂപ പലിശയിനത്തിൽ അടവാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാസഹകരണബാങ്ക് പലിശയിനത്തിൽ അടക്കാൻ പറയുന്ന തുക അടച്ചുവരികയാണ് പഞ്ചായത്ത് ചെയ്തുവരുന്നത്. പലിശ കണക്കാക്കിയതിന്റെ യാതൊരു വിധ രേഖകളും ബാങ്ക് പഞ്ചായത്തിന് നൽകുന്നില്ല. 11 % പലിശയാണ് ബാങ്ക് ഈടാക്കുന്നതെന്ന് ഉറപ്പാക്കുന്നതിന് യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

വായ്പക്ക് മാത്രമായ ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. വായ്പയുടെ ശരിയായ കണക്ക് ഹാജരാക്കേണ്ടതും പലിശയിനത്തിൽ അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്. വാർഷികകണക്കുമായുള്ള പൊരുത്തക്കേടുകൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-4 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ(പ്രൊജക്ട് നം.115/17) -പദ്ധതി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ, പൂമല

അടങ്കൽ-525000/-

2016-17 ലെ ചെലവ്-1)ട്രഷറിബിൽനം-4/16-17 തി.31.3.17-75600/-

ശുചിത്വമിഷന്റെ നം.652/TS15 (1/ഡി.എസ്.എം/2017) തീ. 20.3.17 ഉത്തരവ് പ്രകാരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ 50 എണ്ണം ഗാർഹിക ബയോഗ്യാസ് പ്ലാന്റ് 10500/- രൂപ നിരക്കിൽ സ്ഥാപിക്കുന്നതിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ആയതു പ്രകാരം പദ്ധതി നടപ്പാക്കുന്നതിന് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനവുമായി 22.3.17 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു.

2016-17 സാമ്പത്തികവർഷം 36 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതമായ 3000/- രൂപ വീതം 108000/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം അടവാക്കിയവരുടെ ലിസ്റ്റ് സ്ഥാപനത്തിന് കൈമാറിയതിൽ നാളിതുവരെ 28 ഗുണഭോക്താക്കൾക്ക് മാത്രമാണ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചുനൽകിയിട്ടുള്ളത്. ബാക്കി ഗുണഭോക്തൃവിഹിതം അടവാക്കിയ 8 ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാങ്കേതികാനുമതി ലഭിച്ച 50 ഗുണഭോക്താക്കളിൽ ഗുണഭോക്തൃവിഹിതം അടവാക്കാൻ ബാക്കിയുള്ള 14 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കി 2017-18 ൽ പദ്ധതി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഭവനപുനരുദ്ധാരണം-മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരെ വീണ്ടും പരിഗണിച്ചു

നിർവ്വഹണം-വി.ഇ.ഒ

2016-17 സാമ്പത്തികവർഷം ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ച ശ്രീമതി.ത്രേസ്യ,നീലങ്കാവിൽ എന്നവർക്ക് 15000/- രൂപ അക്കൗണ്ട്നം.0751108038099 ലേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ 2011-12 കാലയളവിൽ ഈ ഗുണഭോക്താവിന് താഴെപറയും പ്രകാരവും തുക ഭവനപുനരുദ്ധാരണത്തിന് അനുവദിച്ചതായി കാണുന്നു.

ഡിഡി.നം/തിയതി-526389/9.12.11 തുക-5000

ഡിഡി.നം/തിയതി-526834/11.1.12 തുക-10000

ആകെ-15000/-

2011-12 കാലയളവിൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ച ഗുണഭോക്താവിന് 2016-17 സാമ്പത്തികവർഷത്തിലും ധനസഹായം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മേൽ ഗുണഭോക്താവിന്റെ ഭവനം അത്യധികം ശോചനീയാവസ്ഥയിലായതിനാലും, ഗുണഭോക്താവ് ആശ്രയ രണ്ടാംഘട്ട പ്രൊജക്റ്റിൽ ഉൾപ്പെട്ടവരായതിനാലുമാണ് ധനസഹായം വീണ്ടും അനുവദിച്ചിട്ടുള്ളതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ രേഖാമൂലം മറുപടി അറിയിക്കുകയുണ്ടായി. ആയതിൽ നിന്നും ആദ്യം കൈപ്പറ്റിയ തുക ഗുണഭോക്താവ് യഥാവിധി ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ആശ്രയ രണ്ടാംഘട്ട പ്രൊജക്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവിന് ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. നാളിതുവരെ ഭവനപുനരുദ്ധാരണത്തിനായി ധനസഹായം ലഭിക്കാത്ത ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരിക്കെ ആനുകൂല്യം ഒരു തവണ കൈപ്പറ്റിയവരെ തന്നെ വീണ്ടും അതേ ആനുകൂല്യത്തിന് പരിഗണിക്കുന്ന നടപടി തീർത്തും ഒഴിവാക്കേണ്ടതാണ്.

## 3-6 ഭവനപുനരുദ്ധാരണം-എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ സബ്സിഡി അനുവദിച്ചു

നിർവ്വഹണം-അസി.സെക്രട്ടറി

പ്രൊജക്റ്റ്.നം-89/17

ട്രഷറിബിൽനം-1/31.3.17 തുക-100000/-

അസി.സെക്രട്ടറി നടപ്പാക്കിയ മേൽ പ്രൊജക്ടിൽ 4 ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം ഭവനപുനരുദ്ധാരണത്തിനായി അനുവദിച്ചിട്ടുണ്ട്. 18.3.17 ലെ A2-17/17 കത്തു പ്രകാരം അസി.എഞ്ചിനീയറോട് വാല്വേഷൻ റിപ്പോർട്ടുകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ കത്ത് അസി.എഞ്ചിനീയർ കൈപ്പറ്റിയതായി കാണുന്നില്ല. വാല്വേഷൻ സർട്ടിഫിക്കറ്റുകൾ നാളിതു വരെ നൽകിയതായും കാണുന്നില്ല. എന്നാൽ 31.3.17 ൽ മേൽ തുക 4 ഗുണഭോക്താക്കളുടെ യും അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിരിക്കുന്നു. വീടുകളുടെ കാലപഴക്കം തെളിയിക്കുന്ന രേഖകൾ,ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതി എന്നിവ ഹാജരാക്കിയിട്ടില്ല.

കൂടാതെ 4 ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ.ജിജേന്ദ്രൻ, പനവളപ്പിൽ എന്നവരുടെ റഫ് എസ്ററിമേറ്റ് പ്രകാരം ഓട്,കഴുക്കോൽ മുതലായവ വാങ്ങിയതായി കാണിച്ചിരിക്കുന്നു. എന്നാൽ വസ്തുനികുതി സഞ്ചയ രേഖപ്പെടുത്തൽ പ്രകാരം ടി കെട്ടിടം കോൺക്രീറ്റ് മേൽക്കൂരയോടു കൂടിയതാണ്. ഇക്കാര്യം വിശദീകരിക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ അക്വിറ്റൻസ് രജിസ്റ്റർ തയ്യാറാക്കി മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ആശ്രയപദ്ധതി -ഭക്ഷണം,മരുന്നുവിതരണത്തിൽ ഒതുങ്ങുന്നു-അടിസ്ഥാനസൗകര്യവികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നില്ല

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ ആശ്രയ രണ്ടാംഘട്ട പദ്ധതിക്ക് സ.ഉ.(സാധാ)2694/14/ത.സ്വ.ഭ.വ തിയതി18.10.14 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.ആയതിൽ 41 കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.വിശദാംശം താഴെ കൊടുക്കുന്നു.

| ആവശ്യം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയത് |
|---|---|---|
| ഭൂമി | 15 | - |
| വീട് | 27 | - |
| ഭക്ഷണം,വസ്ത്രം,മെഡിക്കൽ ക്യാമ്പ് | 86 | 86 |
| ചികിത്സ | 37 | 37 |
| വിദ്യാഭ്യാസം | 14 | - |
| ഭവനപുനരുദ്ധാരണം | 13 | - |
| കുടിവെള്ളം | 26 | - |
| തൊഴിൽ | 25 | - |
| കക്കൂസ് | 26 | - |

2016-17 സാമ്പത്തികവർഷം ആശ്രയ രണ്ടാംഘട്ട പദ്ധതിക്കായി 482320/- രൂപ കുടുംബശ്രീജില്ലാമിഷനിൽ നിന്നും അനുവദിച്ചിട്ടുണ്ട്. മേൽതുക ഉൾപ്പെടെ ആശ്രയ അക്കൗണ്ടിൽ (a/c no.0751101034570)2/8/17 ൽ 911484/- രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ഭക്ഷണം,മരുന്ന് എന്നിവയോടൊപ്പം അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി നൽകാനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

## 3-8 എസ്.സി.വിവാഹധനസഹായം-രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ-അസി.സെക്രട്ടറി

പ്രൊജക്ട്.നം-107/17

ചെലവ്-ട്രഷറിബിൽ നം-2/31.3.17 തുക-350000/-

അസി.സെക്രട്ടറി നടപ്പാക്കിയ മേൽ പ്രൊജക്ടിൽ 7 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം ധനസഹായം അതാത് അക്കൗണ്ടുകളിലേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ അക്വിറ്റൻസ് രജിസ്റ്റർ തയ്യാറാക്കുകയോ, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതി ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ 11.5.17ലെ നം.A2-17/17 കത്ത് പ്രകാരം പങ്കജം,കൊട്ടേക്കാട്ട് എന്നവരുടെ അക്കൗണ്ട് 67183601787 ജൻധൻ അക്കൗണ്ട് ആയതിനാൽ അവരുടെ അക്കൗണ്ടിലേക്ക് തുക വരവുവെക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ അക്കൗണ്ട് നം. 45642200013469 ലേക്ക് വരവുവെയ്ക്കുന്നതിന് സബ്ട്രഷറി,മെഡിക്കൽ കോളേജിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ തുടർനടപടികളുടെ വിവരവും ഫയലിൽ ലഭ്യമല്ല. ധനസഹായം കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളുടെയും കൈപ്പറ്റ് രസീതി ഹാജരാക്കുന്നതുവരെ ചെലവുതുക 350000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 അംഗനവാടി പോഷകാഹാരം-അധിക തുക അനുവദിച്ചത് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ: 114/17

ട്രഷറി ബിൽ നം.8/31.3.17 തുക 456414/-

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ 33 അംഗനവാടികൾക്ക് ടി.എച്ച്.ആർ.എസ്. ഫുഡ്സപ്ലിമെന്റ് വിതരണം ചെയ്തതിന് ഫൈവ്സ്റ്റാർ അമൃതം, കോടശ്ശേരിയുടെ ബിൽ നം.43/25.1.17 പ്രകാരം 618 kg ന് 70/- രൂപ നിരക്കിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 43878/- രൂപ അനുവദിച്ചിരുന്നു.

എന്നാൽ ടി.എച്ച്.ആർ.എസിന്റെ വില ഡിസംബർ 2016 മുതൽ 56/- രൂപയിൽ നിന്നും 70/- രൂപയായി വർദ്ധിപ്പിച്ചതിനാൽ ബില്ലിലെ കുറവ് തുക അനുവദിക്കാനായി 618 kg ന് 14/- രൂപ നിരക്കിൽ 8652/- രൂപയുടെ ബിൽ (നം.171/25.1.17) സമർപ്പിക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 25.1.17 ൽ മുഴുവൻ തുകയും അനുവദിച്ചിട്ടുള്ളതിനാൽ അധികമായി അനുവദിച്ച 8652/- രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക 8652/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 പെയിൻ & പാലിയേറ്റിവിന് മരുന്നു വാങ്ങൽ -മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

പ്രൊജക്ട്.നം-3/17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം

2016-17 സാമ്പത്തികവർഷംപെയിൻ & പാലിയേറ്റിവിന് മരുന്നു വാങ്ങലിനായി താഴെ പറയും പ്രകാരം തുക കാരുണ്യകമ്മ്യൂണിറ്റി ഫാർമസി, മുളങ്കുന്നത്തുകാവിന് അനുവദിച്ചിട്ടുണ്ട്.

| ഡിഡിനം/തിയതി | അടവാക്കിയ തുക | ലഭ്യമാക്കിയ മരുന്നുകൾ | ബാലൻസ് ലഭിക്കാനുള്ളത് |
|---|---|---|---|
| കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, മുളങ്കുന്നത്തുകാവ് അക്കൗണ്ട് ട്രാൻസ്ഫർ-(a/c no.67214409195) | 30000 | 26723 | 3277 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 വാഹനവാടക-ഒരേ ദിവസം ഒരേ വാഹനത്തിന് വ്യത്യസ്ത പ്രൊജക്ടുകൾക്ക് അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം

പെയിൻ & പാലിയേററീവ് പ്രൊജക്ടിന്റെ ഹോംകെയറിനു വേണ്ടി വാഹനസൗകര്യം ക്വട്ടേഷൻ മുഖേന ലഭ്യമാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 19.4.16 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11-ാം നമ്പർ തീരുമാനപ്രകാരം കെ.കെ.ബാബു, കടപ്ലാക്കൽ ഹൗസ്, പൂമല എന്നവരുടെ KL-8D-3328 വാഹനം ദിവസവാടകയ്ക്ക് ഹോംകെയറിനു വേണ്ടി എടുക്കാൻ തീരുമാനിച്ചു.

2016-17 സാമ്പത്തികവർഷം പെയിൻ & പാലിയേററീവ് പ്രൊജക്ടിന്റെ ഹോംകെയറിനു വേണ്ടി വാഹനം ഓടിയ അതേ ദിവസങ്ങളിൽ പ്രതിരോധകുത്തിവെപ്പിനു വേണ്ടിയും ഇതേ വാഹനം ഓടിയതായി രേഖകൾ ഉണ്ടാക്കി ഡ്രൈവർക്ക് വാഹനവാടക അനുവദിച്ചതായി കാണുന്നു.

| തിയതി | പെയിൻ & പാലിയേററീവിന് അനുവദിച്ചത്(പ്രൊജക്ട് 3/17) | രോഗപ്രതിരോധ പ്രവർത്തനത്തിന് വിവിധ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അനുവദിച്ചത്(പ്രൊജക്ട് നം.4/17) | അർഹമായത് | അനർഹമായി അനുവദിച്ചത് |
|---|---|---|---|---|
| ട്രഷറിബിൽനം.38/28.10.16 തുക-116375 | | | | |
| 19.4.16 | 900 | 1000 | 900 | 1000 |
| 26.4.16 | 900 | 500 | 900 | 500 |
| 19.5.16 | 900 | 500 | 900 | 500 |
| 24.5.16 | 950 | 500 | 950 | 500 |
| 21.6.16 | 950 | 500 | 950 | 500 |
| 28.6.16 | 900 | 1300 | 900 | 1300 |
| 19.7.16 | 950 | 500 | 950 | 500 |
| 26.7.16 | 900 | 1000 | 900 | 1000 |
| 16.8.16 | 900 | 500 | 900 | 500 |
| 19.8.16 | 950 | 500 | 950 | 500 |
| 23.8.16 | 1000 | 1000 | 1000 | 1000 |
| 22.9.16 | 950 | 500 | 950 | 500 |
| | | | | 8300 |
| ട്രഷറിബിൽനം.39/15.12.16 തുക-24855/- | | | | |
| 25.10.16 | 1000 | 1500 | 1000 | 1500 |
| ട്രഷറിബിൽനം.40/9.2.17 തുക-50000/- | | | | |
| 15.11.16 | 950 | 500 | 950 | 500 |
| 17.11.16 | 980 | 500 | 980 | 500 |
| 22.11.16 | 900 | 1000 | 900 | 1000 |
| 15.12.16 | 950 | 500 | 950 | 500 |
| 20.12.16 | 980 | 980 | 980 | 980 |
| | | | | 3480 |
| | | ആകെ | | 13280 |

ഇപ്രകാരം രേഖകൾ സമർപ്പിച്ച് അനർഹമായി അനുവദിച്ച തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-12 പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി- പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പ്രൊജക്ട്.നം-70/17

ട്രഷറിബിൽ.നം-5/16-17 തി.24.3.17 തുക-512500

ഭരണസമിതിയുടെ 25.3.17 ലെ 1(14) തീരുമാനപ്രകാരം 41 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് നിർവ്വഹണത്തിനായി കോഴിക്കുന്ന് ക്ഷീരസഹകരണസംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 41 ഗുണഭോക്താക്കൾക്കുള്ള വിഹിതമായി വികസനഫണ്ടിൽ നിന്നും മേൽപ്രകാരം തുക പിൻവലിച്ച് എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടർക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അനുവദിച്ചിട്ടുണ്ട്.(A/C no.713011400000034).4/2017 മുതൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവുതുക 512500/-തടസ്സപ്പെടുത്തുന്നു.

## 3-13 പേവിഷബാധ നിയന്ത്രണപരിപാടി-വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല

പ്രൊജക്ട് നം-81/17

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ട്രഷറിബിൽ നം-3/17.3.17 തുക-75000/-

തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ABC on Wheels എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവുനായ്ക്കളെ വന്ധ്യംകരിക്കാനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 75000/- രൂപ തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ടുകൾക്കുള്ള അക്കൗണ്ടിലേക്ക് (no.799011400000646) ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 75000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും കുപ്പികളും വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രൊജക്ട് നം.-77/17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, ഹോമിയോ

ട്രഷറിബിൽനം-1/16-17 തിയതി.തുക-200000/-

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങലിനായി ഹോംകോ, ആലപ്പുഴയുടെ 200000/-രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് നം.PF323/1.11.16 പ്രകാരം തുക മുൻകൂറായി അനുവദിച്ചിട്ടുണ്ട്. (ഡിഡി.നം.230730/24.11.16). എന്നാൽ നാളിതുവരെ 74085/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. (ഇൻവോയ്സ് നം.LF-1421/28.3.17). ബാക്കി 125915/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 സമഗ്രനെൽകൃഷി വികസനം(വനിത)-രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നം-125/17

ട്രഷറിബിൽനം-9/31.3.17 തുക-56000/-

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മേൽ പ്രൊജക്ടിൽ 20 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ജൈവവളം വാങ്ങിയതിന്റെ സബ്സിഡി തുക അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തുനൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീതി, വളം വാങ്ങിയതുമായി ബന്ധപ്പെട്ട ഇൻവോയ്സ് ബില്ലുകൾ, നെൽകൃഷി ചെയ്ത സ്ഥലത്തിന്റെ ഭൂവിസ്തൃതി തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 56000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി-അധികതുക അനുവദിച്ചു

പ്രൊജക്റ്റ് നം-149/17

ട്രഷറിബിൽ നം-6/31.3.17 തുക-155400/-

നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതം155400/-,ജില്ലാപഞ്ചായത്ത് വിഹിതം 155400/- രൂപ ഉൾപ്പെടെ ആകെ 310800/-രൂപ 2016/17 സാമ്പത്തികവർഷം ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 4/16 ത.സ്വ.ഭ.വ തിയതി.11.1.16 പ്രകാരം 2 ഹെക്ടറിൽ താഴെ ഭൂമി സ്വന്തമായുള്ള കർഷകർക്കും, നെൽകൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതികമായി തുക നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രൊജക്ടുകൾക്ക് 50% വിഹിതം ജില്ലാപഞ്ചായത്ത് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്..

മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ നെൽകൃഷിക്ക് കൂലിചെലവ് അനുവദിച്ചപ്പോൾ നെൽകൃഷി ചെയ്ത കൃഷിഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമല്ലാതെ അധികതുക അനുവദിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | സ്വന്തമായിട്ടുള്ള കൃഷിസ്ഥലം (ഹെ.) | പാട്ടക്കൃഷി നടത്തുന്ന സ്ഥലം(ഹെ.) | ആകെ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി (ഹെ.) | അർഹമായ സബ്സിഡി | അനുവദിച്ച സബ്സിഡി (ഗ്രാമ+ജില്ലാ.പ ഉൾപ്പെടെ) | അധികമായി അനുവദിച്ചത് |
|---|---|---|---|---|---|---|---|
| 1 | വാസുദേവൻ. | 0.164 | 1.28 | 1.444 | 8664 | 12000 | 3336 |
| 2 | പി.എസ്.രാജൻ | 0.25 | 0.2 | 0.45 | 2700 | 3750 | 1050 |
| 3 | പി.എസ്.ഗോപാലൻ | 0.124 | 0.12 | 0.244 | 1464 | 1860 | 396 |
| 4 | പി.ആർ.ബാലകൃഷ്ണൻ | 0.56 | 0.52 | 1.08 | 6480 | 12000 | 5520 |
| 5 | രംഗനാഥൻ പി.എ | 0.2 | 0.06 | 0.26 | 1560 | 3000 | 1440 |
| 6 | കേശവൻ വി.കെ | 0.48 | 0.32 | 0.8 | 4800 | 7200 | 2400 |
| 7 | മനോഹരൻ വി.പി | 0.12 | 0.24 | 0.36 | 2160 | 3288 | 1128 |
| 8 | പി.ആർ സന്തോഷ് | 0.172 | - | 0.172 | 1032 | 2580 | 1548 |
| 9 | വിജയ പനയ്ക്കൽ | 0.4 | - | 0.4 | 2400 | 6000 | 3600 |
| 10 | കെ.എ.ബേബി | 0.2 | - | 0.2 | 1200 | 3000 | 1800 |
| 11 | കെ.കെ.മൈത്രൻ | 0.6 | 0.22 | 0.82 | 4920 | 9000 | 4080 |
| 12 | അയ്യപ്പൻ | 0.4 | 0.22 | 0.62 | 3720 | 6000 | 2280 |
| 13 | പി.ആർ ശങ്കരൻകുട്ടി | 0.14 | - | 0.14 | 840 | 2100 | 1260 |
| 14 | കെ.വി.ജയശങ്കർ | 0.54 | 0.28 | 0.82 | 4920 | 8100 | 3180 |
| | ആകെ | | | | | | 33018 |

അധികമായി അനുവദിച്ച തുക ഗുണഭോക്താക്കളിൽനിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-17 നാമമാത്ര കർഷകർക്കായി നിർവ്വഹണം നടത്തേണ്ട പ്രൊജക്റ്റുകൾ ചെറുകിട നാമമാത്ര കർഷകർക്കായി നടപ്പാക്കി

പ്രൊജക്റ്റ് നം-130/17 വാഴകൃഷിവികസനം(വികസനഫണ്ടിൽ നിന്നും ചെലവ്-50000/-)

പ്രൊജക്റ്റ് നം-131/17-തെങ്ങുകൃഷിവികസനപദ്ധതി(വികസനഫണ്ടിൽ നിന്നുംചെലവ്-200000/-)

മേൽ രണ്ടു പ്രൊജക്റ്റുകളും ചെറുകിട നാമമാത്ര കർഷകരുടെ വാഴ, തെങ്ങ് എന്നിവയ്ക്ക് ജൈവവള വിതരണത്തിന് സബ്സിഡി തുക നൽകുന്നതിനാണ് നടപ്പാക്കിയിട്ടുള്ളത്. സബ്സിഡി തുക പരിമിതപ്പെടുത്തിയാണ് ഗുണഭോക്താക്കൾക്ക് നൽകിയതെങ്കിലും ,സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/16 .ത.സ്വ.ഭ.വ തിയതി.11.1.16 പ്രകാരം ജൈവവളം, കുമ്മായം എന്നിവ നാമമാത്രകർഷകർക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയതിലെ നിർദ്ദേശത്തിനു വിരുദ്ധമായി ചെറുകിടകർഷകരെ കൂടി ഉൾപ്പെടുത്തി പ്രൊജക്റ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-18 ഓണം അഡ്വാൻസ് നാളിതുവരെ ക്രമീകരിച്ചിട്ടില്ല

മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പി.ജി.വസന്തകുമാറിന് 2016-17 ൽ ഓണം അഡ്വാൻസ് ഇനത്തിൽ 15000/- രൂപ അനുവദിച്ചിരുന്നു.(വൗച്ചർ നം.21600461/6.9.16).2016-17 ലെ അഡ്വാൻസ് രജിസ്റ്റർ, 2016-17 വാർഷികണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 എന്നിവയിൽ മേൽ തുക നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്.(ഓഡിറ്റ് എൻക്വയറി നം-17/21.8.17). ഓണം അഡ്വാൻസിനത്തിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ ചെലവു തുക 15000/- തടസ്സപ്പെടുത്തുന്നു.

## 3-19 2016-17 ൽ പഞ്ചായത്ത് 2 കോടിയോളം രൂപ ലാപ്സാക്കി

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റിന്റേയും പഞ്ചായത്ത് തൻവർഷം ചെലവഴിച്ച തുകയുടേയും ലാപ്സായ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക₹ | ലാപ്സായ തുക₹ | വിനിയോഗ ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 8994560 | 8315496 | 679064 | 92.45 |
| വികസനഫണ്ട് എസ്.സി.പി. | 2954580 | 880614 | 2073966 | 29.80 |
| ധനകാര്യകമ്മീഷൻ അവാർഡ് | 5043665 | 1805747 | 3237918 | 35.80 |
| ലോകബാങ്ക് ധനസഹായം (കേന്ദ്രം) | 2302922 | - | 2302922 | 0 |
| റോഡിതര സംരക്ഷണഗ്രാന്റ് | 2554755 | 1325045 | 1229710 | 51.86 |
| റോഡ് സംരക്ഷണഗ്രാന്റ് | 11364249 | 896112 | 10468137 | 7.88 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 44823 | 44823 | - | പട്ടികവർഗ്ഗക്കാർ ഇല്ലാത്തതിനാൽ തിരിച്ചടച്ചു |
| ആകെ | 33259554 | 13267837 | 19991717 | |

വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന 2 കോടി രൂപയോളമാണ് തൻവർഷം ലാപ്സാക്കി കളഞ്ഞത്. ലോകബാങ്ക് ധനസഹായം(കേന്ദ്രം),റോഡ് സംരക്ഷണഗ്രാന്റ്, വികസനഫണ്ട്(എസ്.സി.പി) എന്നിവയുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്. നിബന്ധനകൾക്ക് വിധേയമായിമാത്രമേ സ്പിൽ ഓവർ പ്രവൃത്തികൾക്ക് സർക്കാർ 2017-18 വർഷത്തിൽ വിഹിതം അനുവദിക്കുകയുമുള്ളൂ. മാത്രമല്ല വികസനപ്രവർത്തനങ്ങൾക്ക് കാലതാമസവും സംഭവിക്കുന്നു. സമയബന്ധിതമായി ഫണ്ട് ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

## 3-20 ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ മന്ദഗതിയിൽ

നിർവ്വഹണഉദ്യോഗസ്ഥൻ: സെക്രട്ടറി

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി 2016-17 വരെ പഞ്ചായത്ത് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം./പേര് | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|
| 2015-16 | 131/16; ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള പ്രവർത്തനങ്ങൾ | 43133 | കമ്പ്യൂട്ടറുകൾക്ക് എ.എം.സി എടുക്കുന്നതിനായി ചെലവഴിച്ച തുക |
| 2016-17 | 82/17; ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള പ്രവർത്തനങ്ങൾ | 71546 (ട്ര.ബി. 38/ 31.3.17) | ഓഫീസിലേക്ക് റാക്കുകൾ വാങ്ങുന്നതിനും റെക്കോർഡ് റൂം ഒരുക്കുന്നതിനും ചെലവഴിച്ച തുക |
| 2016-17 | 206/17; ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള പ്രവർത്തനങ്ങൾ | 160000 (ട്ര.ബി. 13/ 29.11.16) | കമ്പ്യൂട്ടർവത്ക്കരണത്തിന് വകയിരുത്തിയിരുന്ന 131/16 പ്രൊജക്ടിന്റെ സ്പിൽ ഓവർ പ്രൊജക്ട്. സെർവർ കമ്പ്യൂട്ടർ വാങ്ങി. |
| ആകെ | | 274679 | |

എന്നാൽ ഐ.എസ്.ഒ നേടാനുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. വാങ്ങിയ സെർവർ പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. റെക്കോർഡ് റൂം ഒരുക്കുന്ന പ്രവർത്തനം ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. മെ.സെലസ് കൺസൾട്ടൻസി സർവ്വീസസ് ,ചേർത്തല ആലപ്പുഴ എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും 4.3.16 ൽ അവരുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. കരാറിലെ വ്യവസ്ഥയനുസരിച്ച് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള കാലാവധി കരാറൊപ്പിട്ട തിയതി മുതൽ അഞ്ചു മാസമാണ്. എന്നാൽ സർട്ടിഫിക്കേഷൻ അനിശ്ചിതമായി നീണ്ടു പോകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ സാഹചര്യത്തിൽ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ ത്വരിത ഗതിയിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 പൊതുമരാമത്ത് മേഖല- കുറഞ്ഞ ഫണ്ട് വിനിയോഗം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ,വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ,ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ/വകയിരുത്തിയ തുക | നടപ്പാക്കിയ പ്രൊജക്ടുകൾ/ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 100 | 19 | 19 |
| തുക | 21591450 | 2063955 | 9.55 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 19 %പ്രൊജക്ടുകളിൽ മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 9.55% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ഫണ്ട് വിനിയോഗത്തിൽ വലിയ കുറവാണ് സംഭവിച്ചിരിക്കുന്നത്. ലഭ്യമായ ഫണ്ട് ഉപയോഗിക്കാതിരിക്കുന്നത് പൊതുജനങ്ങൾക്ക് വികസനം നിഷേധിക്കുകയോ വികസനത്തിന് കാലതാമസം വരികയോ ചെയ്യുന്നു. ഫണ്ട് വിനിയോഗം കുറവായതിന്റെ കാരണം വിശകലനം ചെയ്ത് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-22 അത്തിക്കോട് പെരുംകുഴി റോഡ് സോളിംഗ് & കൾവെർട്ട് നിർമ്മാണം - അധികം തുക പിൻവലിച്ചു

നിർവ്വഹണഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. : 92/15,149/16, 38/17

വകയിരുത്തിയ തുക : 300000(വികസന ഫണ്ട് (എസ്.സി.പി))

കരാറുകാരൻ : ശ്രീ.എ.വി.മുസ്തഫ(എസ്റ്റിമേറ്റ് നിരക്ക്)

കരാർ നം. : 52/18.11.14

അളവുപുസ്തകം : 239/13-14,34/15-16

ചെലവഴിച്ച തുക : ട്ര.ബി.നം. 24/ 12.2.15;₹96114

ട്ര.ബി.നം. 3/ 24.3.17;₹172439

268553

2014-15 ൽ ആരംഭിച്ച പ്രൊജക്ടാണിത്. 2014-15 ൽ ഒന്നാമത്തെ പാർട്ട് ബില്ലായി ₹96114 പിൻവലിച്ചിരുന്നു. 239/13-14 ാം നമ്പർ അളവുപുസ്തകത്തിലെ പേജ് നമ്പർ 13 ൽ രേഖപ്പെടുത്തിയ ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള ആകെ പ്രവൃത്തിമൂല്യം 96114 രൂപയാണ്. പേജ് നമ്പർ 14 ൽ രേഖപ്പെടുത്തിയ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ്സ് പ്രകാരം 10% റീടെൻഷൻ കുറച്ചുള്ള തുക 86503രൂപയാണ്(96114-9611). എന്നാൽ ട്രഷറി ബിൽ പ്രകാരം ₹96114 രൂപ 2014-15 ൽ പിൻവലിച്ചിട്ടുണ്ട്. റീടെൻഷൻ തുകയായ 9611രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയതിന്റെ രേഖ ഫയലില്ല.

അത്തിക്കോട് പെരുംകുഴി റോഡ് സോളിംഗ് & കൾവെർട്ട് നിർമ്മാണപ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യം 258942 രൂപയാണ്(പേജ് നമ്പർ 2,അളവുപുസ്തകം 34/15-16). ഇതനുസരിച്ച് 2 nd & ഫൈനൽ ബിൽ പ്രകാരം പിൻവലിക്കാവുന്ന തുക താഴെ ചേർക്കുന്നു.

ആകെ പ്രവൃത്തിമൂല്യം : 258942

കുറക്കുക:ഒന്നാം പാർട്ട് ബിൽ : 96114

ഫൈനൽ ബിൽ തുക : 162828

എന്നാൽ റീടെൻഷൻ തുകയായ 9611 അടക്കം 172439 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/17.8.17 ന് രേഖാമൂലമുള്ള മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ അധികം പിൻവലിച്ച തുക ₹9611 (172439-162828) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും

തിരികെ ഈടാക്കേണ്ടതാണ്.

## 3-23 കോഴിക്കുന്ന് എസ്.സി.കോളനിയിൽ കുഴൽകിണർ കുഴിക്കലും പമ്പ് സെററ് സ്ഥാപിക്കലും -പ്രവൃത്തി പൂർത്തിയാക്കുന്നതിലും തുക നൽകുന്നതിലും കാലതാമസം

നിർവ്വഹണഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് നം. : 70/14,121/15,159/16

വകയിരുത്തിയ തുക : 160000

കരാറുകാരൻ :ശ്രീ.ഗോപാലകൃഷ്ണൻ.വി.ആർ. (എസ്റ്റിമേറ്റ് നിരക്ക്)

കരാർ നം. : 74/2.1.14

അളവുപുസ്തകം : 94/11-12

ചെലവഴിച്ച തുക : ട.ബി.നം. 2/ 24.3.17;₹48055

കോഴിക്കുന്ന് എസ്.സി.കോളനിയിൽ കുഴൽകിണർ കുഴിക്കുന്നതിനും പമ്പ് സെററ് സ്ഥാപിക്കുന്നതിനും വേണ്ടിയായിരുന്നു എസ്ററിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 135000 രൂപയായിരുന്നു എസ്റ്റിമേറ്റ് തുക. ഭൂജലവകുപ്പിന്റെ അഭിപ്രായ പ്രകാരം നിലവിലുള്ള കുഴൽ കിണർ ഫ്ലഷ് ചെയ്ത് വിനിയോഗിക്കുകയാണുണ്ടായത്. കരാറുകാരനുമായി കരാറിലേർപ്പെട്ടത് 2.1.14 നാണ്. അളവുപുസ്തകത്തിൽ അവസാനം അളവ് രേഖപ്പെടുത്തിയത് 20.4.15 നാണ്. 2.5.15 ൽ അസിസ്റ്റന്റ് എഞ്ചിനീയർ അളവ് പുസ്തകത്തിൽ ബിൽ തയ്യാറാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 24.3.17 നാണ് തുക പിൻവലിച്ച് നൽകിയിരിക്കുന്നത്. കാലതാമസത്തിന് കാരണവും പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം.7/17.8.17 ന് മറുപടി ലഭ്യമായില്ല. മേൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-24 പൂമല നെഹ്റു പാർക്ക് പുനരുദ്ധാരണം --റോഡിതര സംരക്ഷണഗ്രാന്റ് ഉപയോഗിച്ച്

നിർവ്വഹണഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് നം. : 129/17

വകയിരുത്തിയ തുക : 150000

കരാറുകാരൻ : ശ്രീ.വി.എം.അസീസ്(എസ്റ്റിമേറ്റ് നിരക്ക്)

കരാർ നം. : 61/13.3.17

അളവുപുസ്തകം : 16/16-17

ചെലവഴിച്ച തുക : ട.ബി.നം. 15/ 31.3.17;₹113657

സ.ഉ.(എം.എസ്)നം.4/2016/തസ്വഭവ തിയതി 10.1.2016 ലെ ഖണ്ഡിക6.15(IX)(സി) അനുസരിച്ച് റോഡിതര സംരക്ഷണഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനുവേണ്ടി വകയിരുത്തേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി റോഡിതര സംരക്ഷണഗ്രാന്റ് പഞ്ചായത്തിന്റെ ആസ്തിയായ പാർക്കിന്റെ മെയിന്റനൻസിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട്. പൂമല നെഹ്റു പാർക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയതാണെന്നതിന് ഉപോദ്ബലകമായ രേഖകളൊന്നും ഹാജരാക്കുകയുണ്ടായില്ല. എസ്റ്റിമേറ്റിൽ 10.5% സേവനനികുതി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നികുതി പിൻവലിച്ചതായോ അടവാക്കിയതായോ കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/17.8.17 ന് മറുപടിയൊന്നും

ലഭ്യമാക്കിയില്ല. രേഖകളും വിശദീകരണവും ലഭ്യമാക്കുന്നത് വരെ ₹113657 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-25 പൂളാക്കൽ സാംസ്കാരികനിലയം അറ്റക്കുറ്റപ്പണി-പുതുക്കിയ എസ്റ്ററിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല

നിർവ്വഹണഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. : 58/15,153/16,210/17

വകയിരുത്തിയ തുക : 150000(തനത് ഫണ്ട്)

സാങ്കേതികാനുമതി : ടി.എസ്.62/14-15 തിയതി 24.7.14; തുക 150000/-

കരാറുകാരൻ :ശ്രീ.ഗോഗിൻ. എം. (എസ്റ്റിമേറ്റ് നിരക്ക് – 0.5% കുറവ്)

കരാർ നം. : 19/17.10.14

അളവുപുസ്തകം : 83/14-15

ചെലവഴിച്ച തുക : ചെക്ക്നം.എസ്.ബി./ജെ.സി.199274/31.3.17;₹80250

2014-15 ൽ ആരംഭിച്ച പ്രവൃത്തിയാണിത്. പൂളാക്കൽ സാംസ്കാരികനിലയം കെട്ടിടത്തിൽ ടോയ് ലെറ്റ് , സെപ്റ്റിക്ക് ടാങ്ക്, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്കുന്നതിനും പൈപ്പ് കണക്ഷൻ നൽകുന്നതിനും ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനും മറ്റുമായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പിന്നീട് ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ കുറെ ഇനങ്ങൾ ഒഴിവാക്കുകയും എസ്റ്ററിമേറ്റ് അതനുസരിച്ച് പുതുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. എസ്റ്ററിമേറ്റ് പുതുക്കാനുള്ള കമ്മിറ്റി തീരുമാനവും ലഭ്യമായില്ല. അളവുപുസ്തകമനുസരിച്ച് ഏറ്റവും അവസാനം അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 8.7.16 നാണ്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള വർക്ക് ബില്ലിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പു വച്ചിരിക്കുന്നത് 11.7.17 നാണ്. എന്നാൽ 31.3.17 ന് തന്നെ പ്രവൃത്തിയുടെ ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുമില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം.7/17.8.17 ന് മറുപടി ലഭ്യമായില്ല. ആയതിനാൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നത് വരെ ₹80250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-26 കോഞ്ചേരി റോഡ് സെന്റർ പഞ്ചായത്ത് കിണർ മെയിന്റനൻസ്-കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചില്ല

നിർവ്വഹണഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. : 134/16,33/17

വകയിരുത്തിയ തുക :30000 (റോഡിതര സംരക്ഷണഗ്രാന്റ് )

സാങ്കേതികാനുമതി : 393/15-16 തിയതി 28.7.15;30000

കരാറുകാരൻ :ശ്രീ.വി.എം.അനിൽകുമാർ (എസ്റ്റിമേറ്റ് നിരക്ക്)

കരാർ നം. : 4/3.8.16

അളവുപുസ്തകം : 1/16-17

ചെലവഴിച്ച തുക : ട.ബി.നം. 4/ 30.3.17;₹25586

ഈ പ്രവൃത്തിയുടെ ടെണ്ടറിൽ പങ്കെടുത്ത ശ്രീ.റിജു ജെയിംസ് എന്ന വ്യക്തി 0.01 % കുറവിനാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് നിരക്കിന് ടെണ്ടർ സമർപ്പിച്ച ശ്രീ.വി.എം.അനിൽകുമാറിനാണ് പ്രവൃത്തി ഏൽപ്പിച്ചു നൽകിയിരിക്കുന്നത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാതിരിക്കാനുള്ള കാരണം

രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ബന്ധപ്പെട്ട വിശദീകരണവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിനം.7/17.8.17 ന് മറുപടി ലഭ്യമായില്ല. കുറഞ്ഞ ടെണ്ടർ സ്വീകരിക്കാതിരിക്കാനുള്ള കാരണവും കമ്മിറ്റി തീരുമാനവും ലഭ്യമാക്കേണ്ടതാണ്.

## 3-27 സംയുക്ത പ്രൊജക്ടിന് ലഭിച്ചതിൽ ബാക്കിയുള്ള തുക തിരിച്ചടച്ചില്ല

ജി.ഒ.(പി) നം.07/2017/ഫിൻ തിയതി 23.1.17 ലെ ഖണ്ഡിക VI പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ട്രഷറി കണക്കുകളുമായി ഒത്തുനോക്കേണ്ടതും പണമാക്കാത്ത ചെക്കുകളുടെ തുക നിലനിർത്തി ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. എന്നാൽ മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറിയുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 131556 രൂപ ഇപ്പോഴും അവശേഷിക്കുന്നു. ഉത്തരവിൽ പറയും പ്രകാരം തുക തിരിച്ചടക്കാനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-28 തൊഴിലുറപ്പ് പദ്ധതി-മുണ്ടംപ്പിള്ളി കുളം പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്ത് കമ്മിറ്റിയുടെ 13.12.16 ലെ 79(26)ാം നമ്പർ തീരുമാനപ്രകാരം മുണ്ടംപ്പിള്ളി കുളം പുനരുദ്ധാരണപ്രവൃത്തിക്ക് (4ാം വാർഡ്,പ്രൊജക്ട് നം.80) മെറ്റീരിയൽ പ്രവൃത്തി ഉൾപ്പെടുത്തേണ്ടത് അനിവാര്യമായതിനാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 3 ലക്ഷം രൂപയായി പുതുക്കാൻ NREGS അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് കുളം ആഴം കൂട്ടൽ കൂടാതെ പാർശ്വഭിത്തി കെട്ടുന്ന ഇനങ്ങളും ഉൾപ്പെടുത്തികൊണ്ട് എസ്റ്റിമേറ്റ് പുതുക്കുകയും സാങ്കേതികാനുമതി നേടുകയും ചെയ്തിരുന്നു. എന്നാൽ തൻവർഷം കുളം ആഴം കൂട്ടുന്ന പ്രവൃത്തി മാത്രമാണ് ചെയ്തിരിക്കുന്നത്. ഇതിനായി 105450 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. കുളത്തിന്റെ വശങ്ങൾ കെട്ടുന്ന ഇനങ്ങൾ നിർവ്വഹിച്ചിട്ടില്ല. അതിരുകൾ സർവ്വെ നടത്തി നിർണ്ണയിച്ചതിനു ശേഷമേ സൈഡ് കെട്ടുന്ന പ്രവൃത്തി നടത്താനാവൂ എന്ന് പഞ്ചായത്ത് അധികൃതർ അറിയിക്കുകയുണ്ടായി. വശം കെട്ടി സൂക്ഷിക്കാതെ ആഴം കൂട്ടുന്നത് പ്രയോജനപ്പെടില്ലായെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് തന്നെ ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിലുള്ള കാലതാമസം ഉണ്ടാകുന്ന പക്ഷം കുളത്തിൽ നിന്ന് കയറ്റിയ മണ്ണ് വീണ്ടും കുളത്തിലേക്ക് തന്നെ തിരികെ വീഴാനും പ്രവൃത്തിക്ക് നടത്തിയ ചെലവ് പാഴായി പോകാനും ഇടയാക്കും. ആയതിനാൽ സർവ്വെ അടിയന്തിരമായി നടത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 225000 | 19/17 & 116/17 | 224988 | 12 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 267400 | 116/17 & 149/17 | 235856 | 31544 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഭൂഗർഭ ജലവകുപ്പ് | വീട്ടിപ്പാറകോളനി കുഴൽ കിണർ നിർമ്മാണം | ട്. ബി. 27/28.03.17 | 37300 | - | - | 37300 |
| ഭൂഗർഭ ജലവകുപ്പ് | ഹോമിയോ ഡിസ്പെൻസറിക്ക് കുഴൽക്കിണർ നിർമ്മാണം | ട്. ബി. 2/28.03.17 | 42090 | - | - | 42090 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ. കെ. നായനാർ ഭവന പദ്ധതി | - | 11960000 | 5141792 | 2000000 | 859023 | 9104756 (വാർഷിക കണക്കുപ്രകാരം) |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വാർഷിക കണക്കുപ്രകാരം 2400 രൂപ വരവുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2002-03 | 3.14 | മരാമത്ത് വേലകൾ പൂർത്തിയായിട്ടില്ല. എം. ജി കാവ് - കല്ലേപ്പടി റോഡ് മുൻകൂർ തുക | തീർപ്പാക്കിയിട്ടില്ല. 35/13027 12/2/2006 പ്രകാരം തുക ഈടാക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | 23000/- കൈപ്പറ്റി. പണി പൂർത്തീകരിച്ചില്ല. | |
| 2002-03 | 3.14 | തളിയൻ പാറ – കരുവാൻകാട് റോഡ് മുൻകൂർ തുക 45300/- കൈപ്പറ്റി. കൺവീനർ പണി പൂർത്തീകരിച്ചില്ല | തീർപ്പാക്കിയിട്ടില്ല. തുക പലിശ സഹിതം ഈടാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34440816 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33382350 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46298 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1311059 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 13280 | ഡോ.ശ്രീരാജ്.വി,മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം,പൂമല |
| 3-16 | | 33018 | ശ്രീമതി.രേഖ.സി.ആർ.,കൃഷിഓഫീസർ |
| 3-22 | | 9611 | ശ്രീ.അനൂപ്.പി.എൻ,അസി.എഞ്ചിനീയർ |
| | ആകെ | 46298 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 100000 | ശ്രീ.ആർ,സുബ്രഹ്മണ്യൻ,അസി.സെക്രട്ടറി |
| 3-8 | 350000 | ശ്രീ.ആർ,സുബ്രഹ്മണ്യൻ,അസി.സെക്രട്ടറി |
| 3-9 | 8652 | ശ്രീമതി.സെഹീറ.പി.പി,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-12 | 512500 | ഡോ.അനിജ അലക്സ്,വെറ്ററിനറി സർജൻ |
| 3-13 | 75000 | ഡോ.അനിജ അലക്സ്,വെറ്ററിനറി സർജൻ |
| 3-15 | 56000 | ശ്രീമതി.രേഖ.സി.ആർ,കൃഷി ഓഫീസർ |
| 3-18 | 15000 | ശ്രീമതി.റെനി പോൾ,അസി,സെക്രട്ടറി, (സെക്രട്ടറി ഇൻ ചാർജ്) |

| | | |
|---|---|---|
| 3-24 | 113657 | ശ്രീ.അനൂപ് കൃഷ്ണൻ.അസി.എഞ്ചിനീയർ |
| 3-25 | 80250 | ശ്രീ.അനൂപ് കൃഷ്ണൻ.അസി.എഞ്ചിനീയർ |
| | 1311059 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-16

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രേഖ.സി.ആർ,കൃഷി ഓഫീസർ | കൃഷി ഓഫീസർ,മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | അമ്പാടി,മണലാറുകാവ് റോഡ്,വിയ്യൂർ,തൃശ്ശൂർ |
| ഡോ.ശ്രീരാജ്.വി,,മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം,പൂമല | മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം,പൂമല | ശ്രീരാഗം ,മുളംകുന്നത്തുകാവ് പി.ഒ,തൃശ്ശൂർ |
| ശ്രീ.അനൂപ്.പി.എൻ,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | പുതിയേടത്ത് വീട്,മാവേലിപടി.കുവപ്പടി പി.ഒ,പെരുമ്പാവൂർ,എറണാകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980മുതൽ 1986 വരെ | എൽ എഫ് ടി 9-306/96/6.3.96 |
| 86-87,87-88 | എൽ എഫ് ടി 9-950/91/13.9.97 |
| 88-89,89-90 | എൽ എഫ് ടി 9-832/92/12.3.93 |
| 90-91,91-92, | എൽ എഫ് ടി 9-617/94/31.5.95 |
| 92-93,93-94 | എൽ എഫ് ടി 9-106/95/17.2.96 |
| 94-95,95-96 | എൽ എഫ് ടി 9-1352/97/17.11.97 |
| 96-97 | എൽ എഫ് ടി 9-1911/97/3.4.98 |
| 97-98 | എൽ എഫ് ടി 9-1277/98/29.6.98 |
| 98-99 | എൽ എഫ് ടി 9-748/2000/10.10.2000 |
| 99-2000ചെലവ്) | എൽ എഫ് ടി 21-951/01/3.7.02 |
| 99-00(വരവ്) | എൽ എഫ് ടി 18-1242/2001/7.8.02 |
| 2000-0101-02 (പ്ലാൻ) | എൽ എഫ് ടി 18-1205/2003/12.5.03 |
| 2000-01 | എൽ എഫ് ടി 18-136/04/17.10.04/11.3.05 |
| 2001-02 | എൽ എഫ് ടി 18-1054/04/15.4.05 |
| 2002-03 | എൽ എഫ് ടി 18-349/05/21.12.057.2.06 |
| 2003-04 | എൽ എഫ് ടി 12-887/06/4.1.0712.7.07 |
| 2004-05 | എൽ എഫ് ടി 12-2358/08/23.6.10 |
| 2005-06 | എൽ എഫ് ടി 12-2359/09/23.6.10 |
| 2006-07 | എൽ എഫ് ടി 12-2360/08/23.6.10 |
| 2007-08 | എൽ എഫ് ടി 12-947/10/19.2.11 |
| 2008-09 | എൽ എഫ് ടി 12-948/10/19.2.11 |
| 2009-10 | എൽ എഫ് ടി (പി6)1606/11/25.1.12/ 18.5.12 |
| 2010-11 | എൽ എഫ് ടി (പി3)2256/12/8.3.13/12.6.13 |

| | |
|---|---|
| 2011-12 | എൽ എഫ് ടി (പി3)1555/13/4.3.14 |
| 2012-13 | എൽ എഫ് ടി (പി3)998/14/9.1.15 |
| 2013-14 | എൽ എഫ് ടി (പി3)569/15/7.9.15/15.10.15 |
| 2014-15 | കെ എസ് എ ടി എസ് ആർ പി3 /873/16, 1-6-16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി3-1642/16 തിയതി.26.9.16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ.(പി3)1426/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020

ഫോൺ- 0487 2331249

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി:14.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന താഴെ കൊടുത്തിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA.TSR(P3)1426/2017

Kerala State Audit Department

District Audit Office,
Thrissur-680 020

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

Date:14.09.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mulankunnathkavu Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mulankunnathkavu Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office,
Thrissur.